ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കണ്ണൂർ റേഞ്ച് ഡി.ഐ.ജി.യെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളുടെ മേധാവിയായി നിയമിച്ചിട്ടുണ്ട്.

വനമേഖലയിൽ മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് വിവിധ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്.

വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ

256 (258) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ഭരണക്കാലയളവിൽ നാളിതുവരെ സംസ്ഥാനത്ത് വാഹനാപകടങ്ങളിലും മറ്റ് വിധ റോഡപകടങ്ങളിലുമായി എത്ര പേർ മരണപ്പെട്ടു എന്ന് വിശദമായി വ്യക്തമാക്കാമോ ;

(ബി) ഇതിൽ ബൈക്കപകടത്തിൽപ്പെട്ട് എത്ര യുവാക്കളാണ് മരണപ്പെട്ടത് എന്ന് വ്യക്തമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ എൻ.എച്ച്.-ൽ കോരപ്പുഴ പാലത്തിനും മൂരാട് പാലത്തിനും ഇടയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാഹനാപകടത്തിൽ എത്ര പേർ മരണപ്പെട്ടു എന്നത് വിശദമാക്കാമോ; എൻ.എച്ച്.-ലെ ഈ ഭാഗങ്ങളിൽ വാഹാനാപകടം വർദ്ധിച്ചുവരുന്നതും അപകടമരണം തുടർച്ചയായി സംഭവിക്കുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) എൻ.എച്ച്.-ൽ പ്രസ്തുത ഭാഗങ്ങളിൽ അപകടങ്ങൾ ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ വിശദമാക്കാമോ ;

(ഇ) വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടത്തിവരുന്ന പരിപാടികൾ/ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 14,418 പേർ മരണപ്പെട്ടിട്ടുണ്ട്.

(ബി) 4,021 യുവാക്കളാണ് മരണപ്പെട്ടിട്ടുള്ളത്.

(സി) 134 പേർ മരണപ്പെട്ടിട്ടുണ്ട് ; ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അപകട മേഖലകളിലും വളവുകളിലും മറ്റും സൈൻ ബോർഡുകൾ സ്ഥാപിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ ഡ്യൂട്ടിക്കായി പോലീസ് സേനാംഗങ്ങളെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കർമ്മ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട റോഡുകളായ എൻ.എച്ച്-ലേയും എം.സി. റോഡിലേയും അപകട മേഖലകൾ കണ്ടുപിടിച്ച് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി ബ്ലിങ്കർ ലൈറ്റുകളും സിഗ്നൽ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ റഡാർ, ഇന്റർസെപ്റ്റർ സംവിധാനങ്ങളും 24 മണിക്കൂർ പ്രവർത്തിക്കുന്ന ഹൈവേ പട്രോളിംഗ് യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. റോഡുകളിൽ ആവശ്യമായ സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുന്നതിനും അപകടകരമായ റോഡുവക്കുകൾ മണ്ണിട്ടു നികത്തുവാനും ദേശീയ പാതയോരത്തെ കുറ്റിക്കാടുകൾ വെട്ടിത്തെളിക്കുവാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

അമിതവേഗതമൂലമുള്ള വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സ്പീഡ് ക്യാമറകൾ (Full Automatic Speed Violation Detection System) സ്ഥാപിച്ചിട്ടുണ്ട്. ഹെൽമറ്റ് ധരിക്കാതെയും, സീറ്റ് ബെൽറ്റ് ധരിക്കാതെയും വാഹനം ഓടിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിച്ചുവരുന്നു. മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്തുന്നതിനായി ആൽക്കോ മീറ്റർ, ബ്രീത്ത് അനലൈസർ എന്നിവ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു.

വിവിധ വാഹനങ്ങളുടെ ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കുമായി പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും സംയുക്തമായും ഹൈവേ ജാഗ്രതാ സമിതികൾ, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയുടെ നേതൃത്വത്തിലും ട്രാഫിക് ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. മാത്രമല്ല സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് ട്രാഫിക് ബോധവൽക്കരണത്തിനായി നാടകങ്ങളും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു. റോഡപകടങ്ങളിൽ ഇരയാവുന്നവർക്ക് ആദ്യത്തെ ഒരു മണിക്കൂറിനുള്ളിൽതന്നെ (ഗോൾഡൻ അവർ) പ്രഥമ ശുശ്രൂഷ നൽകുന്നതിനായി ആരോഗ്യ-ആഭ്യന്തര വകുപ്പുകൾ സംയുക്തമായി "സ്മൈൽ" (The Seemless Medical Intervention for Life Care and Emergency) പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

ബ്ലാക്ക് മെയിലിംഗ് കേസ്

257 (259) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്ലാക്ക്മെയിലിംഗ് പെൺവാണിഭ കേസിലെ പ്രതി ജയചന്ദ്രൻ എന്നയാളെ പോലീസ് അറസ്റ്റ് ചെയ്തത് എവിടെ നിന്ന് ; ഏത് തീയതിയിലായിരുന്നു ;

(ബി) പ്രതി ഒളിച്ച് താമസിച്ചിരുന്നത് എവിടെയുള്ള, ആരുടെ മുറിയിലായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly